**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2263** **06-07-2022 - ൽ മറുപടിയ്ക്ക്**

**പാറശ്ശാല മണ്ഡലത്തിൽ നടപ്പിലാക്കുന്ന പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ സി കെ ഹരീന്ദ്രൻ** | | **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | റീ-ബിൽഡ് കേരള പദ്ധതി, ബഹു.മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് വികസന പദ്ധതി എന്നിവയിൽ ഉൾപ്പെടുത്തി പാറശ്ശാല മണ്ഡലത്തിൽ അംഗീകാരം നൽകിയിട്ടുള്ള പ്രവൃത്തികൾ ഏതെല്ലാമാണ്; പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതിയും, അനുവദിച്ചിട്ടുള്ള തുകയും പഞ്ചായത്ത് തിരിച്ച് വിശദമാക്കുമോ; | (എ) | പാറശ്ശാല നിയോജക മണ്ഡലത്തിൽ റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി ആകെ 26 പ്രവൃത്തികളും സി.എം.എൽ.ആർ.ആർ.പി-യിൽ ഉൾ പ്പെടുത്തി ആകെ 20 പ്രവൃത്തികളും അനുവദിച്ചിരുന്നു. നിലവിലെ സ്ഥിതി ഉൾപ്പെടെ അവയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ഇവയിൽ എത്ര പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ടെന്ന് അറിയിക്കാമോ; പൂർത്തീകരിക്കുവാനുള്ള പ്രവൃത്തികളുടെ നിലവിലെ സ്ഥിതി, അതിന്മേൽ കാലതാമസം സംഭവിച്ചിട്ടുണ്ടെങ്കിൽ അതിന്റെ കാരണം സഹിതം വിശദമാക്കുമോ; | (ബി) | 45 പ്രവർത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. കുട്ടാമ്പു ചിമിനിക്കാട് റോഡ്-അമ്പൂരി ഗ്രാമപഞ്ചായത്ത് എന്ന പ്രവൃത്തിയുടെ കരാറിലേർപ്പെട്ടിരുന്നുവെങ്കിലും പ്രസ്തുത സ്ഥലത്ത് കോടതി വ്യവഹാരം ഉള്ളതിനാൽ പ്രവൃത്തി തുടങ്ങാൻ സാധിച്ചിട്ടില്ല. |
| (സി) | പ്രസ്തുത മണ്ഡലത്തിൽ 2021 ഏപ്രിൽ മാസത്തിനുശേഷം തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിൽ പൂർത്തീകരിച്ച പ്രവൃത്തികളുടെ വിശദാംശങ്ങൾ- ഫണ്ടിന്റെ പേര്, ഭരണാനുമതി തുക, എസ്റ്റിമേറ്റ് തുക, ചെലവഴിച്ച തുക എന്നിവ സഹിതം ലഭ്യമാക്കുമോ? | (സി) | 2021 ഏപ്രിൽ മാസത്തിന് ശേഷം സി.എം.എൽ.ആർ.ആർ.പി-യിൽ ഉൾ പ്പെടുത്തി 13 പ്രവൃത്തികളും, റീ-ബിൽഡ് കേരള പദ്ധതി മുഖേന 19 പ്രവൃത്തികളും, എം.എൽ.എ - എസ്.ഡി.എഫ് പദ്ധതിയിൽ ഉൾപ്പെടുത്തി 12 പ്രവൃത്തികളും നടപ്പിലാക്കിയിട്ടുണ്ട് അവയുടെ വിശദാംങ്ങൾ അനുബന്ധ മായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ